## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1613 — 16/03/2015-ൽ മറുപടിക്ക്

### സർക്കാർ എഴുതിത്തള്ളിയ ഭവനശ്രീ വായ്പകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നും നൽകിയിട്ടുള്ള ഭവനശ്രീ വായ്പകളാണ് സർക്കാർ എഴുതിത്തള്ളിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിൽ നിന്നും പ്രൈവറ്റ് ഷെഡ്യൂൾഡ്, കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും നൽകിയിട്ടുള്ള ഭവനശ്രീ വായ്പകളാണ് സർക്കാർ എഴുതി തള്ളിയിട്ടുള്ളത്. ബാങ്കുകളുടെ പേരുവിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത വായ്പകൾ എഴുതിത്തള്ളിയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധമായ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) സംസ്ഥാന തലത്തിൽ ഭവനശ്രീ വായ്പകൾ ഏറ്റെടുക്കാൻ സർക്കാർ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ 30.06.2010 ൽ വിവിധ ബാങ്കുകളിൽ നിലനിന്നിരുന്ന ഭവനശ്രീ വായ്പയുടെ കുടിശ്ശികയും പലിശയുമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ആദ്യഘട്ടമായി ദേശസാൽകൃത ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളാണ് 13.09.2010 ലെ ജി.ഒ.(എം.എസ്) നം. 211/2010/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം ഏറ്റെടുത്തിട്ടുള്ളത്.<br>എന്നാൽ വിവിധ ബാങ്കുകൾ യഥാസമയം വിവരങ്ങൾ കൈമാറുന്നതിൽ വീഴ്ച വരുത്തിയതിനാൽ ഇത്തരം ബാങ്കുകളിൽ നിലനിന്നിരുന്ന ഭവനശ്രീ വായ്പാ കുടിശ്ശികയുടെ കണക്കുകൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ഭവനശ്രീ (അഡീഷണൽ) അക്കൗണ്ടുകൾ 29.01.2015 ലെ ജി.ഒ (എം.എസ്) നം. 19/15/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം ഏറ്റെടുത്തിട്ടുണ്ട്.<br>സഹകരണ ബാങ്കുകളിൽ നിലനിന്നിരുന്ന ഭവനശ്രീ വായ്പകൾ 31.05.2014 ലെ ജി.ഒ (എം.എസ്) നം.96/2014/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം ഏറ്റെടുത്തിട്ടുണ്ട്.<br>ഇതു സംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു. ആയതിൽ ടി വായ്പകൾ ഏറ്റെടുത്തതു സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതൊക്കെ ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ഭവനശ്രീ വായ്പകളാണ് ഇനിയും എഴുതിത്തള്ളാനുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | കുടുംബശ്രീ മിഷൻ എസ്.എൽ.ബി.സി വഴിയാണ് ബാങ്കുകളിലെ ഭവനശ്രീ വായ്പകളെക്കുറിച്ചുള്ള കണക്കുകൾ ശേഖരിച്ച് സർക്കാരിലേയ്ക്ക് ലഭ്യമാക്കുന്നത്. എസ്.എൽ.ബി.സി ബാങ്കുകളുടെ ലിസ്റ്റ് തരുന്ന മുറയ്ക്ക് മാത്രമേ ഇനിയും എഴുതിത്തള്ളാനുള്ള ഭവനശ്രീ വായ്പ ഏതൊക്കെ ബാങ്കുകളിലാണെന്ന് അറിയാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ഭവനശ്രീ വായ്പ എഴുതിത്തള്ളിയിട്ടും ബാങ്കുകൾ വായ്പക്കാരുടെ പ്രമാണങ്ങൾ തിരികെ നൽകാത്തത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്. കാസർഗോഡ് ജില്ലയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കാസർഗോഡ് ബ്രാഞ്ചിൽ നിന്നും ഭവനശ്രീ വായ്പ എടുത്ത ഗുണഭോക്താക്കളുടെ ആധാരം തിരികെ നൽകാത്ത സാഹചര്യത്തിൽ കുടുംബശ്രീ മിഷൻ ബാങ്ക് അധികൃതർക്ക് കത്ത് എഴുതുകയും, ബാങ്കുമായി കൂടികാഴ്ച നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

[illegible]